കുലുപ്പ എ എൽ പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

കുട്ടികളുടെ ഭാവിയെ രൂപപ്പെടുത്തുന്നതിൽ നിർണായകമായ പങ്ക് വഹിക്കുന്ന കുലുപ്പ എ എൽ പി സ്കൂൾ, ഗ്രാമീണ പശ്ചാത്തലത്തിൽ പഠനപരമായ തികച്ചും നവീനവും ബാല മനസ്സിനെ ആകർഷിക്കുന്നതുമായ അനുഭവങ്ങൾ ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണ്.

പാഠ്യപദ്ധതിയുടെ ഉദ്ദേശ്യങ്ങളോട് അനുയോജ്യമായി കുട്ടികേന്ദ്രമായ പഠനരീതികളിലൂടെ ഓരോ വിദ്യാർത്ഥിയെയും ആവിഷ്കാരശേഷിയുള്ള വ്യക്തിത്വങ്ങളായി വളർത്തുക എന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. വായനാശീലവും ഭാഷാപാടവവും കണക്കിലുള്ള ആത്മവിശ്വാസവും, സാമൂഹിക-നൈതിക മൂല്യബോധവും വളർത്തുന്നതിനുള്ള പദ്ധതികൾ പുത്തൻ വിദ്യാഭ്യാസ സമീപനങ്ങളോട് കൂടിയ പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കുന്നതിന് ഇതിലൂടെ ശ്രമിക്കുന്നു.

പഠനം പരിസ്ഥിതി അനുബന്ധമായതും, ലോകമാനവികതയെ പാടിപ്പറയുന്നതുമായ രീതിയിൽ നടപ്പാക്കുന്നു. വിദ്യാർത്ഥികൾക്ക് സൃഷ്ടിപരതയും, അനുകമ്പയും, സഹജീവിത മൂല്യങ്ങളും ഉൾക്കൊള്ളാൻ കഴിയുന്ന സാഹചര്യം ഒരുക്കുകയാണ് അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ സ്കൂൾ ഈ പ്ലാനിലൂടെ ഉദ്ദേശിക്കുന്നത്.

കുലുപ്പ എ എൽ പി സ്കൂളിന്റെ ഭൗതികസൗകര്യങ്ങളും സാമൂഹിക പാരിസ്ഥിതിക ഘടകങ്ങളും ഉചിതമായി ഉപയോഗപ്പെടുത്തിയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. വർഷം മുഴുവൻ കുട്ടികളുടെ ആവശ്യങ്ങൾക്കും താൽപര്യങ്ങൾക്കും അനുസൃതമായി ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ, പാഠ്യാനുബന്ധ പരിപാടികൾ, പഠന നിലവാരം ഉയർത്തുന്ന പരിശീലനങ്ങൾ എന്നിവയുടെ സമന്വയത്തിലൂടെ വിദ്യാർത്ഥികളെ സമഗ്രമായി വളർത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

# പൊതു ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന ഓരോ വിദ്യാർത്ഥിയുടെയും വിദ്യാഭ്യാസ അവകാശം ഉറപ്പാക്കുന്നതിനായി, അതത് ക്ലാസിന് അനുയോജ്യമായ പാഠ്യവിഷയ വിജ്ഞാനവും പഠനശേഷികളും അവർക്ക് സാധ്യമായ പരമാവധി ലഭ്യമാക്കും. ഓരോ കുട്ടിയും ഓരോ വർഷ പാഠ്യഘട്ടത്തിലും ലഭിക്കേണ്ടതായ മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളിലെ അടിസ്ഥാനപാഠങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ പരിഗണനാപൂർവമായ പഠനാനുഭവങ്ങൾ ഒരുക്കുകയും ആവിഷ്കരിക്കുകയും ചെയ്യും.

അക്കാദമിക് തലത്തിൽ ശ്രദ്ധേയമായ ഇടപെടലുകൾ, പിന്തുണാ പ്രവർത്തനങ്ങൾ, തുടർച്ചയായ മൂല്യനിർണ്ണയം, വിദ്യാർഥികേന്ദ്രിത പഠനരീതി തുടങ്ങിയവയിലൂടെ കുട്ടികളുടെ വ്യക്തിഗത പഠനശേഷി ഉൾക്കൊണ്ടുള്ള പുരോഗതിയെ ഉറപ്പാക്കും. "ഒരാളും പിന്നോക്കം പോകരുത്" എന്ന വിദ്യാലയദൗത്യബോധത്തെ മുൻനിർത്തിയാണ് എല്ലാ പഠനപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യപ്പെടുന്നത്.

1. കലാ-കായിക വിദ്യാഭ്യാസം

   കുട്ടികളുടെ സർഗ - അക്കാദമിക - കായികശേഷികളെ തിരിച്ചറിഞ്ഞ് വളർത്തുകയും, അവയ്ക്ക് ഉചിതമായ പരിശീലനവും വേദിയും നൽകി അവരുടെ സമഗ്ര വികസനം ലക്ഷ്യമിടുകയും ചെയ്യുന്ന വിദ്യാഭ്യാസരീതിയാണ് സ്കൂളിന്റെ ലക്ഷ്യം. ഓരോ കുട്ടിയിലും പ്രസിദ്ധമായ കഴിവുകൾ വളർത്തുന്നതിനൊപ്പം, ഉത്തമ പൗരന്മാരായി മാറ്റുന്നതിനുള്ള വ്യക്തിത്വവും സാമൂഹികബോധവും ഉറപ്പാക്കുന്നതാണ് അധ്യാപന-പഠന പ്രക്രിയയുടെ കേന്ദ്രതത്വം.

   കല - കായികം, പാഠ്യവിഷയ ജ്ഞാനം, മൂല്യബോധം, സാമൂഹിക ചുമതല എന്നിവയുടെ സംയുക്തപരിശീലനം വഴിയാണ് വിദ്യാർത്ഥികളുടെ ഉജ്ജ്വലമായ നേട്ടങ്ങൾ കൈവരിക്കുന്നതും, സമൂഹത്തിന്റെയും രാജ്യത്തിന്റെയും അഭിമാനമായി വളരുന്നതും.

2. ഇംഗ്ലീഷ് ഭാഷ

   എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയുടെ അടിസ്ഥാന four skills ആയ സംസാരിക്കൽ, വായിക്കൽ, എഴുതൽ, കേൾക്കൽ എന്നിവയിൽ നൈപുണ്യം നേടാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും പരിഗണനാപൂർവമായ പഠന ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യും. ഭാഷ ഒരു ആശയവിനിമയോപാധിയെന്ന നിലയിൽ സമീപിച്ചുകൊണ്ട്, പ്രായയോഗികവും ആസ്വാദനപരവുമായ ഭാഷാനുഭവങ്ങൾ ക്ലാസ് മുറികളിലും പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തും.

ഓരോ ക്ലാസ് തലത്തിലും ഭാഷാടിസ്ഥാനശേഷി ഉറപ്പാക്കുന്ന രീതിയിൽ പരിശീലന പരിപാടികൾ നടപ്പിലാക്കി, കുട്ടികൾക്ക് സ്വാഭാവികമായി ഇംഗ്ലീഷ് സംസാരിക്കാനും വായിക്കാനും എഴുതാനും കഴിയുന്ന വിധത്തിൽ പരിചയം ഉറപ്പാക്കും. ഇംഗ്ലീഷ് അസംബ്ലികൾ, വായനാ ക്ലബ്ബുകൾ, റൈം ആക്ടിവിറ്റികൾ, ഡയലോഗ് പ്രാക്ടീസ്, ഐ.സി.ടി. സപ്പോർട്ടുകൾ എന്നിവയുടെ സഹായത്തോടെയാണ് ഈ ലക്ഷ്യം സാധ്യമാക്കുന്നത്.

### 3. വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ

വിദ്യാർത്ഥികളുടെ പഠനം കൂടുതൽ ഫലപ്രദവും ആകർഷകവുമാക്കാൻ, സ്കൂളിൽ വിവര സാങ്കേതികവിദ്യയുടെ (ICT) പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തി മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നതാണ് ലക്ഷ്യം. ക്ലാസ് മുറികളിൽ സ്മാർട്ട് ക്ലാസ് സംവിധാനം, ഓഡിയോ-വിഷ്വൽ ഉപകരണങ്ങൾ, ലേണിംഗ് ആപ്പുകൾ, ഇ-കണ്ടന്റ്, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിലൂടെ, കുട്ടികൾക്ക് അഭിപ്രായം പ്രകടിപ്പിക്കാൻ, സാങ്കൽപ്പികത്വം വളർത്താൻ, സ്വയം പഠിക്കാനുള്ള ചടുലത നേടാൻ കഴിയുന്ന അന്തരീക്ഷം രൂപപ്പെടുത്തും.

അധ്യാപകരുടെയും കുട്ടികളുടെയും ICT കഴിവുകൾ വിപുലീകരിക്കുന്നതിനായി പരിശീലന പരിപാടികളും വിഭവ വികസനവും പദ്ധതിയിൽ ഉൾപ്പെടും. പാഠ്യപദ്ധതിയെയും പാഠ്യാനുബന്ധ പ്രവർത്തനങ്ങളെയും ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ ഈ ദൗത്യം സമഗ്രമായി നടപ്പിലാക്കും.

### 4. പൊതുപരീക്ഷകൾ

പൊതുപരീക്ഷയായ എൽ.എസ്.എസിലും മറ്റ് മത്സരപരീക്ഷകളെയും വിജയകരമായി അഭിമുഖീകരിക്കാൻ, വിദ്യാർത്ഥികളെ തുടർച്ചയായ പരിശീലന പരിപാടികൾ, മോഡൽ പരീക്ഷകൾ, അനുബന്ധ അധ്യാപനസഹായങ്ങൾ എന്നിവയിലൂടെ സജ്ജരാക്കുന്നതാണ് പ്രധാന ഉദ്ദേശ്യം. ഓരോ കുട്ടിയുടെ കഴിവിനും നിലയ്ക്കും അനുയോജ്യമായ രീതിയിൽ പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വിജയമാർഗ്ഗം എളുപ്പമാക്കും.

പരീക്ഷാഭയമില്ലാതെ ആത്മവിശ്വാസത്തോടെ വിജയിക്കാൻ വേണ്ട അടിസ്ഥാന വിജ്ഞാനവും പരിശീലനവും കുട്ടികൾക്ക് നൽകുന്നതിനാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അധ്യാപകരുടെ കൂട്ടായ്മയും രക്ഷിതാക്കളുടെ പങ്കാളിത്തവും ഉറപ്പാക്കി പരിപാടികൾ നടപ്പിലാക്കും.

### 5. പ്രത്യേക പരിഗണന അർഹിക്കുന്നകുട്ടികൾ

പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് അനുയോജ്യമായ പഠനാന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം. ഓരോ കുട്ടിയുടെയും വ്യക്തിഗത പഠനശേഷിയും പശ്ചാത്തല പരിജ്ഞാനവും വിലയിരുത്തുകയും ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ, പരിഹാര ക്ലാസുകൾ, വ്യക്തിഗത ശ്രദ്ധ മുതലായവ ഉറപ്പാക്കുകയും ചെയ്യും.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണം ഉറപ്പാക്കുന്നതിലൂടെ, കുട്ടികൾക്ക് എളുപ്പത്തിൽ അദ്ധ്യാപനം പൊരുത്തപ്പെടുത്താനും സഹായം ആവശ്യമുള്ള മേഖലകളിൽ പ്രത്യേക ഇടപെടലുകൾ നടത്താനും സഹായിക്കുന്ന സാങ്കേതിക

വിദ്യകൾ നടപ്പിലാക്കും. ഓരോ കുട്ടിക്കും മികവിലേക്കുള്ള ഒരു ചുവടുവയ്പ്പായി ഈ സംരംഭത്തെ സ്കൂൾ കണക്കാക്കുന്നു. മികച്ച സാമൂഹിക പങ്കാളിത്തത്തോടെ സ്കൂളിനെ മികവിന്റെ പാതയിലേക്കുയർത്തും.

6. **പരിസ്ഥതി ഒരു പാഠപുസ്തകം**

"പരിസ്ഥിതി ഒരു പാഠപുസ്തകമാണ്" എന്ന ആശയം പ്രായോഗികമാക്കിക്കൊണ്ട്, കുട്ടികൾക്ക് ക്ലാസ് മുറിക്ക് പുറത്ത് പ്രകൃതിയുമായി പഠിക്കാനുള്ള അവസരങ്ങൾ നൽകും. മണ്ണ്, സസ്യങ്ങൾ, ജലസ്രോതസ്സുകൾ, പക്ഷികൾ, പ്രാണികൾ, കാലാവസ്ഥ എന്നിവ അധ്യാപനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുകയും അവയെ പാഠ്യപദ്ധതിയുമായി ദൃശ്യപരമായും അനുഭവപരമായും ബന്ധിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യും.

പ്രകൃതി നടത്തം, കൃഷിപാഠങ്ങൾ, ഔഷധ ഉദ്യാനങ്ങൾ, ജൈവ മാലിന്യ സംസ്കരണം, ചിത്രശലഭ ഉദ്യാനങ്ങൾ, മഴവെള്ള സംഭരണം തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികൾക്ക് പരിസ്ഥിതി അവബോധവും ജൈവശാസ്ത്രപരമായ അടിസ്ഥാനകാര്യങ്ങളും സ്വാഭാവിക രീതിയിൽ നേടാനുള്ള അവസരം നൽകും. ഈ പ്രവർത്തനങ്ങൾ വായന, ഗണിതം, ശാസ്ത്രം, സാമൂഹിക പഠനം എന്നിവയുമായി ബന്ധിപ്പിക്കും, ഇത് ബഹുമുഖ പഠനം സാധ്യമാക്കും.

7. **പ്രീ-പ്രൈമറി വിദ്യാഭ്യാസം**

പ്രീ-പ്രൈമറി വിദ്യാഭ്യാസം സ്കൂളിന്റെ അവിഭാജ്യവും അനിവാര്യവുമായ ഘടകമായി പരിഗണിച്ചാണ് സ്കൂൾ പാഠ്യപദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. മാനസിക, ശാരീരിക, സാമൂഹിക, വൈകാരിക മേഖലകളിൽ സമയബന്ധിതമായ വളർച്ച കൈവരിക്കാൻ കുട്ടികളെ സഹായിക്കുന്ന ഒരു ചലനാത്മകവും കളിയെ അടിസ്ഥാനമാക്കിയുള്ളതുമായ വിദ്യാഭ്യാസ സമ്പ്രദായം ഇതിന്റെ ഭാഗമായി നടപ്പിലാക്കും.

ഭാഷാ ആരംഭം, ഇന്ദ്രിയ കഴിവുകൾ, സാമൂഹിക ബന്ധങ്ങൾ എന്നിവ വികസിപ്പിക്കാൻ സഹായിക്കുന്ന, മുൻകൂട്ടി ആസൂത്രണം ചെയ്തതും ക്രമരഹിതവും, പരിപോഷിപ്പിക്കുന്നതുമായ ഒരു അന്തരീക്ഷം നൽകുക എന്നതാണ് ലക്ഷ്യം. പ്രീ-പ്രൈമറി ഘട്ടം പ്രാഥമിക വിദ്യാഭ്യാസത്തിലേക്കുള്ള സൗമ്യവും കൃത്യവുമായ ഒരു കണ്ണിയായി പ്രവർത്തിക്കും.

8. പോഷകസമൃദ്ധമായ ഉച്ചഭക്ഷണം

സ്കൂളിലെ എല്ലാ കുട്ടികൾക്കും പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകി വിദ്യാർത്ഥികളുടെ ആരോഗ്യവും അക്കാദമിക പ്രകടനവും ഉറപ്പാക്കുകയാണ് പ്രധാന ലക്ഷ്യം. കുട്ടികളുടെ വളർച്ചയുടെയും മാനസിക ഉണർവിന്റെയും ശാരീരിക ശേഷിയുടെയും അടിസ്ഥാനം നല്ല ഭക്ഷണമാണെന്ന വിശ്വാസത്തോടെ, 'മിഡ് ഡേ മീൽ' സ്കീം അതിന്റെ എല്ലാ ഘടകങ്ങളുടെയും ഗുണനിലവാര നിയന്ത്രണവും പോഷക മൂല്യ പരിശോധനയും തുടർച്ചയായി നടത്തും.

ആവശ്യത്തിന് വെള്ളവും തിളപ്പിച്ച പാലും ഉൾപ്പെടെയുള്ള ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനും കുട്ടികളിൽ ഭക്ഷണ ശുചിത്വ ബോധം വളർത്തുന്നതിനും സ്കൂൾ പ്രതിജ്ഞാബദ്ധമാണ്.

# ഉപലക്ഷ്യങ്ങൾ

1. ഗണിതം മധുരം

കുട്ടികളിൽ ഗണിതവിഷയത്തിൽ ആത്മവിശ്വാസവും ആസ്വാദനശീലവും വളർത്തുന്നതിനായി, സ്കൂളിൽ 'ഗണിതം മധുരം' എന്ന പേരിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതാണ്. ഗണിതം രസകരവും തന്ത്രപ്രധാനവുമായ ഒരു വിഷയമായി കുട്ടികൾക്ക് പരിചയപ്പെടുന്ന തരത്തിൽ, വിവിധ ഗെയിമുകൾ, ആക്റ്റിവിറ്റികൾ, പസിലുകൾ, ക്വിസ് മത്സരങ്ങൾ, പ്രായോഗിക അവലോകനങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെ പഠനം ഇഷ്ടജനകമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പാഠപുസ്തകപരിധിയിൽ നിന്നുമല്ലാതെ ജീവിതാവശ്യകതകളുമായി ബന്ധമുള്ള ഗണിതമേഖലകളെ പ്രാധാന്യത്തോടെ ഉൾപ്പെടുത്തുന്നതാണ് പദ്ധതിയുടെ പ്രത്യേകത. ഓരോ ക്ലാസിലും കുട്ടികളുടെ അഭിരുചിക്കനുസൃതമായി ആസൂത്രിത പ്രവർത്തനങ്ങൾ നടത്തുകയും കുട്ടികളിൽ യുക്തിചിന്ത, നിരീക്ഷണശക്തി, കൃത്യത, പ്രശ്നപരിഹാരശേഷി എന്നിവ വളർത്തുകയും ചെയ്യും.

2. ഇംഗ്ലീഷ് അസംബ്ലി

ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വികസിപ്പിക്കുന്നതിനായി, സ്കൂൾതല അസംബ്ലികളിൽ ഇംഗ്ലീഷ് അസംബ്ലികൾ നിയന്ത്രിത ഇടവേളകളിൽ സംഘടിപ്പിക്കുന്നതാണ്. ഇതിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കും. ഇതുവഴി വിദ്യാർത്ഥികൾക്ക് തങ്ങളുടെ പ്രസന്റേഷൻ, കമ്യൂണിക്കേഷൻ, ഭാവപ്രകടനം തുടങ്ങിയ ഭാഷാസാമർത്ഥ്യങ്ങൾ പ്രായോഗികമായി ഉപയോഗിച്ചറിയാൻ അവസരമാകും. വിവിധ ക്ലാസുകളെ ഉൾപ്പെടുത്തി, തിരുത്തൽ പരിശീലനങ്ങളോടെ, നേതൃത്വം, സംഘാടനക്ഷമത, ആത്മവിശ്വാസം എന്നിവയും വികസിപ്പിക്കാൻ ഇതിലൂടെ സഹായിക്കും.

3. RHYMES & STORIES

ഇംഗ്ലീഷ് ഭാഷാ അധ്യാപനത്തെ കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കുന്നതിനായി, ക്ലാസുകളിൽ റൈമുകളും കഥകളും (Rhymes & Stories) ICT (Information and Communication Technology) ഉപകരണം ഉപയോഗിച്ച് അവതരിപ്പിക്കുന്നു. ഓഡിയോ-വിഡിയോ സാദ്ധ്യതകൾ, പ്രൊജക്ഷൻ, ഡിജിറ്റൽ ആനിമേഷൻ, ലേണിംഗ് ആപ്പുകൾ തുടങ്ങിയവയുടെ സഹായത്തോടെ കുട്ടികൾക്ക് ഭാഷയുടെ ശബ്ദശുദ്ധിയും ഉച്ചാരണവും ശൈലിയുമെല്ലാം ആഴത്തിൽ അനുഭവപ്പെടുത്തുകയാണ് ലക്ഷ്യം.

ഈ പരിശീലനം കുട്ടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ, ആസ്വാദനക്ഷമത, കേൾവി ശക്തി, ഭാഷാപരമായ പങ്കാളിത്തം എന്നിവ ഉയർത്തുന്നതിനു സഹായിക്കുന്നു. കൂടാതെ, 21-ആം നൂറ്റാണ്ടിന്റെ വിദ്യാഭ്യാസ സാധ്യതകളോട് കുട്ടിയിണക്കുന്നതിലൂടെയും വിദ്യാർത്ഥികൾക്ക് ടെക്നോളജി-അഭിമുഖമായ പഠനപരിചയം നൽകാനും ഇതിലൂടെ കഴിയുന്നു.

4. ഹെൽത്ത് കാർഡ്

കുട്ടികളുടെ ശാരീരിക ആരോഗ്യവും ആരോഗ്യ സംരക്ഷണവും കൃത്യമായി നിരീക്ഷിക്കുന്നതിനും രേഖപ്പെടുത്തുന്നതിനുമായി ഒരു ഹെൽത്ത് കാർഡ് സംവിധാനം സ്ഥാപിക്കും. ഓരോ കുട്ടിയുടെയും വളർച്ചാ അളവുകൾ (ഭാരം, ഉയരം, ബിഎംഐ), ദന്താരോഗ്യം, കാഴ്ച, കാഴ്ച വൈകല്യങ്ങൾ, എച്ച്ബി ലെവൽ മുതലായവ രേഖപ്പെടുത്തുന്നതിനായി ഹെൽത്ത് കാർഡുകൾ വർഷം തോറും അപ്ഡേറ്റ് ചെയ്യുകയും പരിപാലിക്കുകയും ചെയ്യും.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുമായും ഡോക്ടർമാരുമായും സഹകരിച്ച്, ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ഉചിതമായ പരിചരണം നൽകുന്നതിനുമായി ആരോഗ്യ പരിശോധനാ ക്യാമ്പുകളും തുടർ നടപടികളും സ്കൂൾ നടപ്പിലാക്കും. കുട്ടികളുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനും അവരുടെ പഠന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇത് സഹായിക്കും.

5. കലാ-സാംസ്കാരിക പാഠം

കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി, കുട്ടികളുടെ സ്വാഭാവിക കഴിവുകൾ കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതിനായി, ചിത്രരചന ക്യാമ്പുകൾ, നാടൻ പാട്ട് ശിൽപ്പശാലകൾ, കുരുത്തോലക്കളരി എന്നിവ സ്കൂളിൽ സംഘടിപ്പിക്കുന്നതാണ്. ജനകീയകലകളുടെയും ദൃശ്യകലകളുടെയും ലളിത രൂപങ്ങൾ കുട്ടികളിൽ ആഴത്തിൽ ആവിഷ്കരിക്കപ്പെടാൻ ഇതിലൂടെ ഇടവരുമെന്ന് പ്രതീക്ഷിക്കുന്നു. കലാസാംസ്കാരികപാഠം ഉൾക്കൊള്ളുന്ന ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളുടെ ആത്മവിശ്വാസിത്തിന് കരുത്തുനൽകും. മാത്രമല്ല, നമ്മുടെ തനതായ പാരമ്പര്യത്തോടും നാട്ടുഭാഷയോടും കൂടുതൽ അടുപ്പിക്കുംകയും ചെയ്യും.

6. സർഗശേഷികൾ മെച്ചപ്പെടുത്താൻ

കുട്ടികളിലെ ചെറിയ പേശികളുടെ വികാസത്തിനായി, കളിമൺ ഉൽപ്പന്ന നിർമ്മാണ പരിശീലനം സ്കൂളിൽ നടത്തുന്നതാണ്. ശാരീരികവും മനസ്സികവുമായ ഏകാഗ്രതയോടെ കൈകാര്യം ചെയ്യുന്ന ചെറിയ പ്രവർത്തനങ്ങൾ കുട്ടികളുടെ സൃഷ്ടിപരതയും കരകൗശലശേഷിയും മെച്ചപ്പെടുത്തുന്നതിനും, അവരിൽ സംയമനം, സഹനശീലങ്ങൾ, ശ്രദ്ധയും കൃത്യതയും വളർത്തുന്നതിനും ഉതകും. പ്രകൃതിദത്തമായ കളിമൺ ഉപയോഗിച്ച് ആകർഷകമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള പരിശീലനം നൽകുന്നതിലൂടെ, പഠനാനുഭവം കുട്ടികൾക്ക് കൂടുതൽ ആസ്വാദ്യകരവും ലക്ഷ്യബോധമുള്ളതുമായതാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

7. കായിക പരിശീലനം

കുട്ടികളുടെ ശാരീരിക ആരോഗ്യവും ആരോഗ്യമുള്ള ജീവിത ശൈലിയും ഉറപ്പാക്കു

ന്നതിന്, സ്കൂളിൽ കായികവികസനത്തിന് ആവശ്യമായ പരിശീലനം നൽകുന്നതാണ്. വ്യായാമം, ഔട്ട്ഡോർ ഗെയിമുകൾ, ഗ്രൂപ്പ് ആക്റ്റിവിറ്റികൾ, പ്രാഥമിക കായികശീലങ്ങൾ എന്നിവയുടെ മാർഗ്ഗത്തിലൂടെ കുട്ടികളുടെ ശരീരഘടന, ചലനശേഷി, സഹിഷ്ണുത, സഹകരണമനോഭാവം, കായികശ്രദ്ധ തുടങ്ങിയവ വളർത്താൻ പ്രത്യേക ശ്രദ്ധ നൽകുന്നു.

വിദ്യാർത്ഥികളുടെ പ്രായവും കഴിവുകളും പരിഗണിച്ചുള്ള ഘട്ടാനുസൃത പരിശീലനം, ദിവസേനയും പ്രതിവാരമായും നടത്തപ്പെടുന്നു. സ്കൂൾ കായിക മത്സരങ്ങൾ, പഞ്ചായത്ത്/ബ്ലോക്ക് തല മത്സരങ്ങളിൽ പങ്കെടുക്കാനുള്ള ഒരുക്കങ്ങൾ, ക്രമബദ്ധമായ പരിശീലന സെഷനുകൾ എന്നിവയുടെ വഴിയിലൂടെ കുട്ടികളുടെ കായിക മേഖലയിലെ കഴിവുകൾ വികസിപ്പിക്കുകയാണ് ലക്ഷ്യം.

8. വിദ്യാരംഗം കലാ-സാഹിത്യവേദി

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ, കുട്ടികളുടെ സാഹിത്യ-സാംസ്കാരിക ഇടപെടൽ വളർത്തുന്നതിനായി ആഴ്ചയിൽ ഒരുദിവസം സർഗവേദി ഒരുക്കുന്നതാണ്. കുട്ടികൾയുടെ കവിതാരചന, കഥപറച്ചിൽ, ചിത്രരചന, പാട്ട്, നാടകം തുടങ്ങിയ കലാസൃഷ്ടികളുടെ അവതരണത്തിനായി സൗകര്യപ്രദമായ ഒരു വേദി ഉറപ്പുവരുത്തുന്നതിലൂടെ, അവരിൽ ആത്മവിശ്വാസം, ഭാഷാപാടവം, സാംസ്കാരിക ബോധം തുടങ്ങിയവ വളരാൻ സഹായിക്കും.

ഇത് വിദ്യാരംഗം വേദിയുടെ നേതൃത്വത്തിൽ, അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ നടപ്പാക്കപ്പെടുന്ന പരിപാടിയായിരിക്കും. സ്കൂൾ തലത്തിൽ സാഹിത്യ-സാംസ്കാരിക ഇടപെടലുകൾക്ക് ഗതിവേഗം നൽകുകയും പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ വിദ്യാർഥികളുടെ ശ്രദ്ധയും പങ്കാളിത്തവും വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

9. നിറവ്

കുട്ടികളിൽ പൊതുവിജ്ഞാനവും ബൗദ്ധിക ജാഗ്രതയും വളർത്തുന്നതിനായി, സ്കൂളിൽ 'നിറവ്' എന്ന പേരിൽ പ്രതിമാസ ക്വിസ്സ് മത്സരം നടത്തപ്പെടുന്നതാണ്. വിദ്യാർത്ഥികളുടെ ഓർമശക്തി, നിരീക്ഷണശേഷി, ആനുകാലിക സംഭവവികാസങ്ങളിലുള്ള ബോധം എന്നിവ ശക്തിപ്പെടുത്താൻ ഉദ്ദേശിച്ചുള്ള ഈ പരിപാടി, മത്സരാത്മകമായ ഒരു പഠനാന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കുന്നു.

ക്ലാസ്തല മത്സരങ്ങൾ സംഘടിപ്പിച്ചും, ടീം പങ്കാളിത്തം പ്രോത്സാഹിപ്പിച്ചും, അതിഥികളെ ക്ഷണിച്ചും 'നിറവ്' കൂടുതൽ ആകർഷകമാക്കാനാണ് ശ്രമം. ഓരോ മാസവും വിവിധ വിഷയങ്ങളിൽ നിന്ന് തിരഞ്ഞെടുക്കുന്ന ചോദ്യങ്ങൾ കുട്ടികളുടെ അറിവിന്റെ പരിധിയെ വലുതാക്കുകയും പഠനം രസകരമാക്കുകയും ചെയ്യും.

10. ഒപ്പം

പാഠഭാഗങ്ങളിൽ പിന്നാക്കത്തിലായ വിദ്യാർത്ഥികളെ തിരിച്ചറിഞ്ഞ് പഠനത്തിൽ ഉൾപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, സ്കൂളിൽ 'ഒപ്പം' എന്ന പദ്ധതിയ്ക്ക് രൂപം നൽകുന്നതാണ്. പഠനവിടവ് (learning gap) നികത്തി എല്ലാ കുട്ടികളും തങ്ങളുടെ വിദ്യാഭ്യാസ യാത്രയിൽ സജീവമായി മുന്നോട്ട് പോവാൻ കഴിയുന്നതരത്തിലുള്ള പഠനമേഖല സൃഷ്ടിക്കുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം.

ഇതിന്റെ ഭാഗമായി, അധ്യാപക-വിദ്യാർത്ഥി കൂട്ടായ്മകൾ,സവിശേഷ പിന്തുണ, ദിവസ-പ്രതിവാര സഹായക്ലാസുകൾ എന്നിവയിലൂടെ വ്യക്തിഗത ശ്രദ്ധ നൽകുന്നതിനും, പഠനത്തിൽ ആത്മവിശ്വാസം ഉറപ്പാക്കുന്നതിനും അവസരം ഒരുക്കുന്നു. വിദ്യാർത്ഥിയെ പിന്നിലാക്കി പോകാതെ 'ഒപ്പം' എന്ന പേരിൽ തന്നെ ഓരോരുത്തരോടും പഠനത്തിൽ കൂടെനിൽക്കാനാണ് സ്കൂളിന്റെ ശ്രമം.

11. പ്രകൃതി നടത്തം

വിദ്യാർത്ഥികളിൽ പ്രകൃതിയോടുള്ള ആദരവ് വളർത്തുന്നതിനായി, സ്കൂളിൽ 'പ്രകൃതി നടത്തം' എന്ന പേരിൽ പുറംപരിസര പഠനപദ്ധതി സംഘടിപ്പിക്കുന്നതാണ്. പരിസ്ഥിതി പഠനത്തെ തനതായ അനുഭവത്തിലൂടെ അനുഭവപ്പെടുത്തുന്ന ഈ പരിപാടി, കുട്ടികളെ പ്രകൃതിയുടെ ഭംഗിയും വൈവിധ്യവും നേരിട്ട് അറിയാനുള്ള അവസരത്തിലേക്ക് നയിക്കുന്നു.

പരിസ്ഥിതി സൗഹൃദമായി കുട്ടികളെ വളർത്തുവാൻ, സ്കൂൾപരിസരത്തു നടന്നുകൊണ്ട് വൃക്ഷങ്ങൾ, പക്ഷികൾ, ചെറു പ്രാണികൾ, നദികൾ, കുന്നുകൾ തുടങ്ങിയ പ്രകൃതി ഘടകങ്ങളെ നിരീക്ഷിക്കുകയും അതിന്റെ പശ്ചാത്തലത്തിൽ സംവാദം നടത്തുകയും ചെയ്യുന്ന ഇടപെടലുകൾ 'പ്രകൃതി നടത്തം' പദ്ധതിയിലൂടെ നടപ്പാക്കപ്പെടും. കുട്ടികളിൽ പരിസ്ഥിതി ബോധവും സംരക്ഷണശീലവും വളർത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

12. ഔഷധത്തോട്ടം

പാരമ്പര്യ ഔഷധജ്ഞാനം കുട്ടികളിലേയ്ക്ക് എത്തിക്കാനും പ്രകൃതിയോട് ചേർന്ന് പഠിക്കുന്ന ശീലങ്ങൾ വളർത്താനുമായി, സ്കൂളിൽ ഔഷധത്തോട്ടം (Herbal Garden) ഒരുക്കുന്നതാണ്. സ്കൂൾ പരിസരത്ത് ലഭ്യമായ സ്ഥലം പരിപാലിച്ചുകൊണ്ട് തനതായ ഔഷധസസ്യങ്ങൾ വളർത്തുകയും, അതിന്റെ ഉപയോഗങ്ങളും ശാസ്ത്രീയവും ആരോഗ്യപരവുമായ മൂല്യങ്ങളും കുട്ടികളുമായി പങ്കുവെക്കുകയും ചെയ്യും.

വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെയും അധ്യാപകരുടെയും ജനകീയ വൈദ്യശാസ്ത്രത്തിൽ പരിചയമുള്ളവരുടെയും സഹായത്തോടെ ഔഷധത്തോട്ടം രൂപപ്പെടുത്തും. ഓരോ സസ്യത്തിന്റെയും ശാസ്ത്രീയനാമം, നാട്ടുപേര്, ഉപയോഗം എന്നിവ അടങ്ങിയ ലേബലുകൾ ഒരുക്കുന്നതിലൂടെ പരിസ്ഥിതി വിദ്യാഭ്യാസത്തിനും ശാരീരിക/ആരോഗ്യശീലങ്ങൾക്കുമുള്ള അവബോധം വളർത്താൻ പദ്ധതിയ്ക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

13. കദളീവനം

വിദ്യാർത്ഥികൾക്ക് തനതായ കാർഷികപരിചയങ്ങളും പ്രകൃതിയോടുള്ള അടുപ്പവും വർധിപ്പിക്കുന്നതിനായി, സ്കൂളിൽ 'കദളീവനം' എന്ന പേരിൽ വാഴത്തോട്ടം (Banana Garden) ഒരുക്കുന്നതാണ്. ജൈവസംരക്ഷണ രീതികൾ പാലിച്ചുകൊണ്ട് വിവിധതരം വാഴകൾ വളർത്തുന്നതിലൂടെ, കുട്ടികൾക്ക് കൃഷിയുടെയും പ്രകൃതി പഠനത്തിന്റെയും സംയുക്താനുഭവം ലഭിക്കും.

ഇതിലൂടെ കുട്ടികൾ വിത്തെടുപ്പ് മുതൽ വിളവെടുപ്പ് വരെ നേരിട്ട് പങ്കാളികളാവും. വിവിധയിനം വാഴകളെക്കുറിച്ചുള്ള അറിവ്, സംരക്ഷണരീതികൾ, മണ്ണിന്റെ ഗുണ

നിലവാരം, ജൈവ വളങ്ങൾ എന്നിവയെക്കുറിച്ച് പ്രായോഗികമായി പഠിക്കാൻ അവസരമൊരുക്കും. സ്കൂൾ ബയോ ഗാർഡന്റെ ഭാഗമായും, പരിസ്ഥിതി വിദ്യാഭ്യാസത്തെയും ആരോഗ്യ ഭക്ഷണ സംവേദനത്തെയും ഉത്കൃഷ്ടമാക്കുന്ന തരത്തിലാണ് ഈ പദ്ധതി രൂപീകരിക്കുന്നത്.

## 14. ശലഭോദ്യാനം

കുട്ടികളിൽ പ്രകൃതിസ്നേഹവും ജൈവവൈവിധ്യത്തെക്കുറിച്ചുള്ള ബോധവും വളർത്താൻ, സ്കൂൾ പരിസരത്ത് 'ശലഭോദ്യാനം' (Butterfly Garden) ഒരുക്കുന്നതാണ്. ശലഭങ്ങളെ ആകർഷിക്കുന്ന തനതായ സസ്യങ്ങൾ (nectar plants & host plants) സംരക്ഷിതമായ രീതിയിൽ നട്ടു വളർത്തുന്നതിലൂടെ കുട്ടികൾക്ക് ജീവജാല നിരീക്ഷണ പഠനത്തിന് അനുയോജ്യമായ അന്തരീക്ഷം ഒരുക്കപ്പെടും.

പഠനത്തിൽ ഉൾപ്പെടുന്ന പരിസ്ഥിതി ശാസ്ത്രം, ശലഭങ്ങളുടെ ജീവചക്രം, പരാഗസമ്പർക്കം, ജൈവശൃംഖല എന്നിവയുടെ അവബോധം ശാസ്ത്രീയമായി വിദ്യാർത്ഥികളിൽ എത്തിക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യം. ഓരോ ക്ലാസ്സിനും തികച്ചും അനുയോജ്യമായ അവലോകന പ്രവർത്തനങ്ങൾ, ചിത്രരചന, ചോദ്യോത്തര സെഷനുകൾ, നിരീക്ഷണ രേഖകൾ എന്നിവ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കും.

വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയും അധ്യാപകരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും സഹകരണത്തോടെയും ശലഭോദ്യാനം പരിപാലിക്കും. ഇത് സ്കൂൾ പരിസരത്തെ പ്രകൃതിസൗഹൃദ പഠനകേന്ദ്രമായി മാറ്റുന്നതിന് സഹായകരമാകും.

പേര് : കിഡ്സ് പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ | 2 വർഷം | PTA<br>S.S.G<br>അധ്യാപകർ<br>മാനേജർ | മാനേജർ സ്പോൺസർഷിപ്പ |

പ്രവർത്തനത്തിന്റെ പേര് : വാഹന ഷെഡ്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സുരക്ഷിതമായ വാഹന പാർക്കിംഗ് | പുതിയ കെട്ടിടത്തിന് മുൻവശം | 1 വർഷം | PTA<br>മാനേജർ<br>അധ്യാപകർ | 2ലക്ഷം |

പേര് : ഡൈനിംഗ് ഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വം+ആരോഗ്യം പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | 2 വർഷം | PTA<br>മാനേജർ<br>അധ്യാപകർ | 5 ലക്ഷം |

## ഐ.ഇ.ഡി

പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളെ വിദ്യാഭ്യാസത്തിന്റെ പൊതുധാരയിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വളരെ കാലത്തെ ചരിത്രമുണ്ട്.സാരമോ,നിസാരമോ ആയ പ്രശ്നങ്ങളുടെ പേരിൽ ഇത്തരം കുട്ടികൾക്ക് അവകാശങ്ങളും അവസരങ്ങളും നിഷേധിച്ചുകൂടാ.വേണ്ട സമയത്ത് തന്നെ സഹായങ്ങൾ കുട്ടിക്ക് ലഭ്യമാക്കുന്നതിലൂടെ പരിമിതികൾ നല്ലൊരു പരിധിവരെ മിറകടക്കാൻ കഴിയും.പ്രത്യേക സഹായം ആവശ്യമായ കുട്ടികൾക്ക് വളരെ സഹായകരമായ വിധത്തിലുള്ള വിദ്യാഭ്യസ അന്തരീക്ഷമാണ് ഇപ്പോൾ നിലവിലുള്ളത്,എന്നാൽ പിന്തിരിഞ്ഞുനോക്കുമ്പോൾ ഇത്തരം വ്യക്തികൾ യാതനകളുടേയും കഷ്ടപ്പാടിന്റേയും തീച്ചൂളകൾ താണ്ടിയാണ് ഇന്നത്തെ അന്തരീക്ഷത്തിൽ എത്തിച്ചേർന്നതെന്ന് മനസിലാക്കാൻ സാധിക്കും.

പഠന പരിമിതി നേരിടുന്ന കുട്ടികൾക്ക് വേണ്ടി ക്ലാസുകളിൽ ആകർഷകങ്ങളായ പഠന സാമഗ്രികൾ ഉപയോഗിട്ടും മൂർത്ത വസ്തുക്കൾ ഉപയോഗിച്ചും പ്രവർത്തനങ്ങൾ നൽകാറുണ്ട്. കുട്ടികൾക്ക് കഴിവ് തെളിയിക്കാനുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കായികപരിശീലനം,ചിത്രകല,കളറിംഗ്തുടങ്ങിയവ നടത്താൻ കഴിഞ്ഞു.കഴിഞ്ഞ വർഷം നടത്തിയ കലാമേളയിൽ ഒന്നാം സ്ഥാനം ലഭിച്ചത് ചെറുവണ്ണൂർ എ.എൽ.പി.സ്കൂളിനാണ്.ശാരീരിക പരിമിതികളെ മറികടന്ന് ഗവൺമെന്റ് ജീവനം വരെ എത്താൻ കഴിഞ്ഞ പൂർവ്വ വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിന് മുതൽക്കൂട്ടായുണ്ട്.

ശാരീരികവും ബുദ്ധിപരവവുമായി അതിതീവ്ര പരിമിതികൾ മൂലം വിദ്യാലയത്തിലെത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്കും സേവനം ഉറപ്പ് വരുത്തേണ്ടതുണ്ട്.ആഴ്ചയിൽ ഒരു ദിവസം ഈ കുട്ടികളുടെ വീടുകളിൽച്ചെന്ന് കുട്ടിക്ക് ആവശ്യമായ അക്കാദമികവും,സാമൂഹ്യ ജീവിത നൈപുണിയിലുള്ള പരിശീലനങ്ങളും BRCതലത്തിൽ നടക്കുന്നുണ്ട്.ഇതിന്റെ ഭാഗമായി നടത്തിയ ചങ്ങാതിക്കൂട്ടം പരിപാടി ഈ വിദ്യാലയത്തിലെ അല്ലുമിർവായീസിന്റെ വീട്ടിലാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്.പഞ്ചായത്ത് പരിധിയിലുള്ള 5 കുട്ടികൾക്കുള്ള ഫിസിയോതെറാപ്പി ചികിത്സ ഈ വീട്ടിൽവെച്ച് നടത്തപ്പെടുന്നു. കഥകൾ കേൾക്കാനുള്ള താല്പര്യം കണക്കിലെടുത്ത് 100 പുസതകങ്ങൾ അടങ്ങുന്ന ഒരു ലൈബ്രറി ശേഖരവും അലമാരയും സംഭാവന ചെയ്യാൻ തീരുമാനിച്ചു.

## ഉച്ചഭക്ഷണം

വിപുലമായ കമ്മറ്റിയാണ് ഉച്ചഭക്ഷണപരിപാടിക്ക് നേതൃത്വം നൽകുന്നത്.നമ്മുടെ വിദ്യാലയത്തിൽ നിന്ന് 508 ഓളം കുട്ടികളാണ് ഉച്ചഭക്ഷണം കഴിക്കുന്നത്.വൈവിധ്യമായ വിഭവങ്ങൾ നൽകാൻ കഴിയുന്നുണ്ട്.മെനു ചാർട്ട് എല്ലാ ക്ലാസുകളിലും പ്രദർശിപ്പിച്ചിട്ടിണ്ട്.എല്ലാ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകുന്നു.എല്ലാ മാസവും ഒന്നാമത്തെ തിങ്കളാഴ്ച നെയ്ച്ചോറും കോഴിക്കറിയും രണ്ടാമത്തേയും,നാലാമത്തേയും വ്യാഴാഴ്ച പാൽപ്പായസവും നൽകുന്നു.

സ്വാദിഷ്ടമായ ഭക്ഷണം തയ്യാറാക്കാൻ 2 പാചകക്കാർ ഉണ്ട്.മുഴുവൻ കുട്ടികൾക്കും തിളപ്പിച്ചാറിയ വെള്ളം ലഭ്യമാക്കുന്ന തരത്തിൽ ഓരോ കെട്ടിടത്തിന് സമീപവും ടാപ്പുള്ള പാത്രങ്ങൾ സജ്ജീകരിച്ചിരിക്കുന്നു.ഇതോടൊപ്പം പൊതുജനങ്ങളുടെ സൗകര്യാർഥം പ്രധാന കവാ ടത്തിലും റോഡരികിലും കുടിവെള്ളം സജ്ജീകരിച്ചിരിക്കുന്നു.

**പേര് : പൂർവ വിദ്യാർത്ഥി സംഗമങ്ങൾ**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തന ങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാ ളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുക ളായി പൂർവ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ.അവ രുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പി ക്കൽ/ഫണ്ട് സമാ ഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എസ്.എസ്.ജി. ഒ.എസ്.എ | 5000 ഒ.എസ്.എ |

**പ്രവർത്തനം, പേര് : പൂർവ്വാധ്യാപക സംഗമം**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തന ങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാ ളിത്തം ഉറപ്പാക്കൽ | അധ്യാപക ഹാജർ ബുക്ക് പരിശോ ധിച്ച് പൂർവ്വാധ്യാപ കരെ വിളിച്ച് ചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിലൊരി ക്കൽ | സ്റ്റാഫ് കൗൺസിൽ | 10000/ (സ്റ്റാഫ് ഫണ്ട് |

മേഖല : സാമൂഹികം

പ്രവർത്തനം: സി.പി.ടി.എ ശാക്തീകരണം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|---|
| 1 | ക്ലാസ് PTA സജീവമാക്കൽ | CPTA അംഗങ്ങളുടെ ക്ലബ് ഉണ്ടാക്കൽ.<br>വീട്ടിൽ CPTA<br>ഓരോ പ്രദേശത്തും ഉള്ള രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ ഒരു വീട്ടിൽCPTA നടത്തുന്നു.<br>CPTAഎന്ത്? എന്തിന് ബോധവത്കരണ ക്ലാസ്.<br>CPTAഅംഗങ്ങളെ ഉൾപ്പെടുത്തി പഠന യാത്രകൾ<br>CPTAഅംഗങ്ങൾക്ക് ലൈബ്രറി പുസ്തക വിതരണം CPTA അംഗങ്ങളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പ നിർമാണം<br>CPTAഅംഗങ്ങളെ ഉൾപ്പടുത്തി കുട്ടികളുടെ ഗൃഹസന്ദർശനം<br>CPTAഅംഗങ്ങളുടെ പ്രാദേശിക പച്ചക്കറിത്തോട്ട നിർമാണം | 4 മാസം<br>ആഗസ്ത്<br>നവംബർ | H.M<br>PTA<br>CPTA<br>ക്ലാസ് ടീച്ചർ |

| പേര് | മെഡിക്കൽ ക്യാമ്പ് | മേഖല | അക്കാദമിക് | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷത്തിൽ ഒന്നു വീതം | HM<br>PTA<br>ഹൽത്ത് ക്ലബ്<br>PHC | 2500 |

പേര് : കായിക പരിശീലനം
മേഖല : അക്കാദമികം
ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലേയും വൈകുന്നേരവും കുട്ടികൾക്ക് പരിശീലനം നൽകുന്നു കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ 1 ദിവസം | PTA<br>ക്ലാസ് ടീച്ചർ<br>ആരോഗ്യ ചാർജ് അധ്യാപകർ | |

പേര് : കായിക താരങ്ങൾക്ക് സമ്മാനങ്ങൾ
മേഖല : അക്കാദമികം ഉപമേഖല കായികവിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമ്മാനങ്ങൾ നൽകി ആദരിക്കൽ | സ്കൂൾ തലം,പഞ്ചായത്ത് തലം ഉപജില്ലാ തലം മത്സരങ്ങളിൽ വിജയം കൈവരിച്ച കുട്ടികളെ അഭിനന്ദിക്കുന്നു.സമ്മാനങ്ങൾ നൽകുന്നു | ഓരോ തലത്തിലേയും മത്സരങ്ങൾക്കുശേഷം | ചാർജുള്ള അധ്യാപകൻ | |

പ്രവർത്തനം

പേര് പ്രഭാത ഭക്ഷണം മേഖല സമഗ്ര വികസനം

| ലക്ഷ്യങ്ങൾ. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഉന്മേഷത്തോടെ ഊർജത്തോടെ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | വിശന്നു കൊണ്ട് പഠനം സാധ്യമല്ല. എല്ലാ ദിവസവും കുട്ടികൾക്ക് പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്നു. | എല്ലാ പ്രവൃത്തി ദിനങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള അധ്യാപകർ<br>ഉച്ച ഭക്ഷണ കമ്മറ്റി<br>HM<br>PTA | സ്പോൺസർഷിപ്പ് |

പേര് കോൽക്കളി മേഖല സമഗ്ര വികസനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| അന്യം നിന്നു പോയ കലാരൂപങ്ങളെ അറിയുന്നതിനും | കോൽക്കളിയുടെCDപ്രദർശനം.താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി കോൽക്കളി പരിശീലനം നൽകുന്നു. സ്കൂൾ വാർഷികത്തിന് അവതരിപ്പിക്കുന്നു.കൂടാതെ സ്കൂളിന്റെ സമീപ പ്രദേശങ്ങളിൽ മറ്റ് പരിപാടികളോടനുബന്ധിച്ച് കോൽക്കളി പ്രവർത്തനം സംഘടിപ്പിക്കുന്നു | ഡിസംബർ | ചാർജ് അധ്യാപകൻ<br>HM<br>PTA<br>കോൽക്കളി ഗുരുക്കൾ | 10,000<br>PTA<br>സ്പോൺസർഷിപ്പ് |

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല. | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ മുഴുവൻ കുട്ടികളെയും കലാപരിപാടികളിൽ പങ്കെടുപ്പിക്കുന്നതിന്, സർഗശേഷിയുടെ വികാസം | സ്കൂളിലെ മുഴുവൻ കുട്ടികളെയും വിവിധ ഗ്രൂപ്പുകളാക്കി യോജിച്ച തരത്തിലുള്ള വിവിധ കലാരൂപങ്ങൾ പരിശീലിപ്പിക്കുന്നു.തുടർന്ന് എല്ലാ കുട്ടികളെയും അണിനിരത്തി വാർഷികം ആഘോഷിക്കുന്നു | ഡിസംബർ മാർച്ച് ആദ്യ വരെയുള്ള അവധി ദിനങ്ങൾ | PTA<br>S.R.G<br>H.M<br>രക്ഷിതാക്കൾ | 200000<br>സ്പോൺസർഷിപ്പ് |

ദിനാചരണങ്ങൾ മേഖല സമഗ്ര വികസനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രാധാന്യ ദിനങ്ങൾ കണ്ടെത്തുന്നു.ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ S.R.G യിൽ രൂപപ്പെടുത്തുന്നു.നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നതിന് ചുമതല നൽകുന്നു.ചുമതലയുള്ളവർ അതാതുസമയത്ത്S.R.G യിൽ ചർച്ച ചെയ്ത് പരിപാടികൾ തീരുമാനിക്കുന്നു.അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | S.R.G | |

മേഖല : സമഗ്ര വികസനം

ഉപമേഖല : വ്യക്തിത്വ വികാസവും മൂല്യബോധവും

പ്രവർത്തനം : സ്കൂൾ തെരഞ്ഞെടുപ്പ്

പ്രവർത്തനത്തിന്റെ പേര് : സ്കൂൾ തെരഞ്ഞെടുപ്പ്

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | സ്കൂൾ തെരെഞ്ഞെടുപ്പ്,ജനാധിപത്യ രീതിയിൽ സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് പ്രചരണം,വോട്ടുപിടുത്തം,നിശ്ശബ്ദ പ്രചരണം,സ്ഥാനാർത്ഥികൾ വോട്ടർമാരെ സന്ദർശിക്കുന്നു. പുരോഗമനപരമായ വാഗ്ദാനങ്ങൾ നൽകുന്നു.പോളിംഗ് ബൂത്ത് സജ്ജീകരിക്കുന്നു,പ്രിസൈഡിംഗ് ഓഫീസർമാർ,പോളിംഗ് ഓഫീസർമാർ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ രഹസ്യമായി വോട്ടിംഗ് രേഖപ്പെടുത്തി ബാലറ്റ് പെട്ടികളിൽനിക്ഷേപിക്കുന്നു.വിരലിൽ അടയാളം പതിപ്പിക്കിന്നതിനാൽ വീണ്ടും വോട്ട് ചെയ്യാൻ സാധിക്കുന്നതല്ല. | ജൂലായ് മാസം | ചാർജ് വഹിക്കുന്ന അധ്യാപകർ<br>S.R.U<br>കുട്ടികൾ | |

മേഖല : സാമൂഹികം

പ്രവർത്തനം : വായനക്കൂട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ. | വിദ്യാലയ ലൈബ്രറിയിലെ പുസതകങ്ങൾ ,രക്ഷിതാക്കൾ,നാട്ടുകാർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്കനുസൃതമായി വായിക്കാൻ നൽകൽ.നല്ല വായനക്കാരനെ ആദരിക്കൽ. | ആവശ്യാനുസരണം. | ലൈബ്രേറിയൻ | PTA<br>MPTA<br>നാട്ടുകാർ | |

മേഖല : സാമൂഹികം

പഠനോപകരണ ശിൽപശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| പ്രാദേശികമായ സഹായങ്ങൾസ്വീകരിക്കുന്നതിലൂടെ വിദ്യാലയത്തെ സമൂഹബന്ധിതമാക്കുക. | രക്ഷിതാക്കളും പൂർവ വിദ്യാർത്ഥികളും സന്നദ്ധ പ്രവർത്തകരും മറ്റുതൽപരരും ചേർന്ന് പഠനോപകരണ നിർമാണശിൽപശാല നടത്തുന്നു. | വർഷത്തിൽ ഒരു തവണ | അധ്യാപകർ<br>SRG | S.S.G<br>PTA<br>MPTA | |

മേഖല : സാമൂഹികം

പ്രവർത്തനം: സർഗോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| അധ്യാപക രക്ഷാകർതൃ ബന്ധം ശക്തമാക്കുക. അധ്യാപക രക്ഷാകർതൃ ബന്ധം ശക്തമാക്കുക. | പി.ടി.എ, എം.പി.ടി.എ അധ്യാപകർ എന്നിവർ സംയുക്തമായി കുട്ടികൾക്ക് കലാപരിശീലനം നൽകൽ,പരിപാടികൾ അവതരിപ്പിക്കൽ,കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനം നൽകൽ. | വർഷത്തിൽ ഒരു തവണ | SRG<br>ക്ലാസ് ടീച്ചേർസ് | PTA<br>MPTA<br>S.S.G | 1000<br>PTA ഫണ്ട്. |

മേഖല : സാമൂഹികം

പ്രവർത്തനം : പുസ്തക സമാഹരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ. | അധ്യാപകരും കുട്ടികളും ചെറുസംഘങ്ങളായി വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകള്ട സന്ദർശിച്ച് പുസ്തകങ്ങൾ ശേഖരിക്കൽ. | വർഷത്തിൽ ഒരു തവണ | SRG<br>ടീച്ചേർസ് | PTA<br>MPTA | |

മേഖല : ഭൗതികം

പ്രവർത്തനം : ഹൃദയപൂർവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ശാരീരികവും ബുദ്ധിപരവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഇത്തരം പരമമിതികളെ മിറകടക്കാനൊരു സഹായമാവുക. | കുട്ടിയുടെ വീട് സന്ദർശിക്കുന്നു.രണ്ടാഴ്ചയിലൊരിക്കൽ ആശ്വാസകരമായി കഥകളും പാട്ടുകളും പങ്കിട്ടും, സമ്മാനങ്ങൾപങ്കിട്ടുംഇത്തരം കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നു.അവരോടൊപ്പം ചിത്രരചന,ചായമിടൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പ്രചോദനമാകുന്നു. | 1 വർഷം | SRG<br>അതാതു ക്ലാസിലെ ടീച്ചർമാർ | PTA<br>MPTA<br>BRC | |

മേഖല : ഭൗതികം

പ്രവർത്തനം: ജൈവവൈവിധ്യ പാർക്കിന്റെ നിർമാണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| വിദ്യാലയാന്തരീക്ഷം ഒരു പഠനോപകരണമാക്കുക. | ജൈവവൈവിധ്യ പാർക്ക് നിർമിക്കുന്നു.ഔഷധച്ചെടികൾ,പൂക്കുകയുംകായ്ക്കുകയും ചെയ്യുന്ന ചെടികൾ എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നു. | | | | |

## വ്യക്തിത്വ വികാസവും മൂല്യബോധവും

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ക്ഷമ, അച്ചടക്കം,ബഹുമാനം തുടങ്ങിയ മൂല്യങ്ങൾ ഉണ്ടാക്കൽ | മഹാന്മാരെ പരിചയപ്പെടാം(ഗ്രൂപ്പിൽ പുസ്തകങ്ങൾ നൽകൽ)കഥ പറയാം,നാടകം കളിക്കാം,ഗുണപാഠ കഥകൾ,പഞ്ചതന്ത്രം,ഈസോപ്പു കഥകൾ,പുരാണ കഥകൾ അവതരണം | ആഴ്ചയിൽ 1ദിവസം<br>1 വർഷം | ക്ലാസ് ടീച്ചർ | |
| കുട്ടികളിൽ ദയ, അർപ്പണ മനോഭാവം വളർത്തൽ | സഹജീവി സ്നേഹം | ഭിന്നശേഷിക്കാരെ സഹായിക്കാൻ ഗൃഹസന്ദർശനം, പഠന പിന്തുണ | | |
| കുട്ടികളിൽ ബഹുമുഖ വ്യക്തിത്വം വളർത്തൽ | നയിക്കാം | ക്ലാസ് ലീഡർ,ബാലസഭ,ഗ്രൂപ്പ് ലീഡർ,സർവ്വെ,പൂന്തോട്ട നിർമാണം, പച്ചക്കറി നിർമാണം | വർഷത്തിലൊരിക്കൽ | |

# പ്രവർത്തന വിശദാംശങ്ങൾ

മേഖല : അക്കാദമികം

വിഷയം : മലയാളം

പ്രവർത്തനം : മുന്നേറ്റം

## ഉപപ്രവർത്തനങ്ങൾ

### 1. കളിപ്പെട്ടി.

കൂടുതൽ പഠനോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ.അക്ഷരങ്ങൾ,ചിഹ്നങ്ങൾ തുടങ്ങിയവയുടെ കട്ട് ഔട്ടുകൾ ഓരോ കുട്ടിക്കും നൽകുന്നു.അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് വെച്ച് പദങ്ങൾ നിർമിക്കുന്നു.നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു,അവതരിപ്പിക്കുന്നു.ഗ്രൂപ്പിൽ ഒത്തുനോക്കുന്നു.ഇതുപോലെ ലഘുവാക്യങ്ങളും നിർമിച്ചെഴുതുന്നു.അവതരിപ്പിക്കുന്നു.ടീച്ചർ സമ്മാനങ്ങൾ നൽകുന്നു.

### 2. കണ്ടെത്താം യോജിപ്പിക്കാം

കഥാ ഭാഗങ്ങൾ ചെറുശകലങ്ങളാക്കി കുട്ടികൾക്ക് നൽകുന്നു.അധ്യാപകരുടെ സഹായത്തോടെ കഥ ക്രമപ്പെടുത്തി വായിക്കുന്നു.വിഷമം നേരിടുന്നവർക്ക് കഥാരൂപങ്ങൾക്കുപകരം കഥാചിത്രങ്ങൾ നൽകി ക്രമീകരിക്കുന്നു.

### 3. വായനപ്പുര,എഴുത്തുപുര

വായനക്കാർഡുകൾ,ലഘുകഥകൾ,ബാലമാസികകൾ തുടങ്ങിയവ വായിക്കാൻ അവസരം ഒരുക്കുന്നു. ക്ലാസ് ലൈബ്രറി വിപുലീകരിക്കുന്നു.ഓരോ ക്ലാസിലും വായനമൂലകൾ സജ്ജീകരിക്കുന്നു.കഥാനോട്ടിൽ കഥകൾ എഴുതാൻ അവസരം നൽകുന്നു.

### 4. മിന്നുന്ന വായന.

പദക്കാർഡുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കാനും എഴുതാനും അവസരം ഒരുക്കുന്നു.ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കുന്നു.ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കുന്നു. ചിത്രത്തെ അടിസ്ഥാനമാക്കി കഥ എഴുതുന്നു. കഥ പൂർത്തീകരിക്കുന്നു. കഥാ CDകൾ കാണിക്കുന്നു. തുടർ പ്രവർത്തനമായി കഥാപുസ്തകങ്ങൾ വായിക്കാൻ നൽകുന്നു.വായിച്ച പുസ്തകത്തെപ്പറ്റി ചുരുങ്ങിയ വാചകങ്ങൾ എഴുതുന്നു.

### 5. ക്ലാസ് വായനക്കൂട്ടം.

ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുന്നു.എല്ലാ ക്ലാസിലും വായനമൂല,ക്ലാസ് ലൈബ്രറി ഇവ വിപുലീകരിക്കുന്നു.പിറന്നാളിന് ഒരു സമ്മാനം എന്ന പേരിൽ പിറന്നാൾ ദിനത്തിൽ ഓരോ കുട്ടിയും ക്ലാസ് ലൈബ്ര

റിയിലേക്ക് ഒരു പുസ്തകം സംഭാവന ചെയ്യുന്നു.ക്ലാസ് ലൈബ്രറി വിപുലീകരണവും വാ.നോത്സവം സംഘടിപ്പിക്കലും പുസ്തക ചർച്ചയും നടത്തുന്നു.വായനക്കുറിപ്പുകൾക്ക് സമ്മാനം നൽകുന്നു.പത്രവായന വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ ക്ലാസിനും ഓരോ പത്രം ലഭ്യമാക്കുന്നു.പത്ര ക്വിസുകൾ നടത്തുന്നു.CPTA യിൽ അമ്മമാർക്ക് ലൈബ്രറികൾ വിതരണം ചെയ്യുന്നു.അമ്മമാരിൽനിന്ന് ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സംഭാവനയായി വാങ്ങിക്കുകയും ചെയ്യുന്നു.അമ്മമാരുടെ വായനക്കുറിപ്പുകൾക്കും സമ്മാനങ്ങൾ നൽകുന്നു.

## 6. വായിച്ചു വളരാം.

ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കാൻ അവസരമൊരുക്കുന്നു.ചർച്ചയിലൂടെ വായന ആസ്വാദ്യകരമാക്കുന്നു.പത്ര വിശേഷങ്ങളും ആനുകാലികങ്ങളിൽ പരാമർശിച്ചിർക്കുന്ന വിഷയങ്ങളും ചർച്ചാവിഷയമാക്കി ക്ലാസിനെ രസഭരിതമാക്കുന്നു.ഇത്തരം ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പ്രേരണകൾ കുട്ടികൾക്ക് സ്വന്തം സൃഷ്ടിക്കുള്ള ഉപാധിയാകട്ടെ.ഇത്തരത്തിൽ ഉരുത്തിരിയുന്ന രചനകൾ പുതിയതും വേറിട്ടതുമായ വായനാസാമഗ്രികളായിരിക്കും.ഇത്തരത്തിൽ കവിതാശകലങ്ങളും കഥാതന്തുക്കളും നിരൂപണ വാചകങ്ങളും ഉരുത്തിരിഞ്ഞുവരുന്നു.

## 7. കുഞ്ഞുവായന

ചിത്ര കാർഡുകൾ ഉപയോഗിച്ച് ആശയസ്വീകരണ ചോദ്യങ്ങളിലൂടെ ലഭിക്കുന്ന പ്രതികരണങ്ങൾ ടീച്ചർ രേഖപ്പെടുത്തുന്നു.ആദ്യം പദങ്ങളായും പിന്നീട് വാക്യങ്ങളായും രേഖപ്പെടുത്താം.രേഖപ്പെടുത്തലിന്റെ വിവിധഘട്ടങ്ങളിൽ കുട്ടിക്ക് രേഖപ്പെടുത്താനും രേഖപ്പെടുത്തിയത് വായിക്കാനും അവസരം നൽകുന്നു.തുടർന്ന് ഇതുമായി ബന്ധപ്പെട്ട അക്ഷരക്കാർഡുകൾ കണ്ടെത്തി പദനിർമാണത്തിനും വാക്യനിർമാണത്തിനും വായനയ്ക്കും രേഖപ്പെടുത്തലിനും അവസരം നൽകുന്നു.അക്ഷരപ്പാട്ടുകൾ ശേഖരിക്കാൻ അവസരം നൽകുന്നു.അക്ഷരപ്പാട്ടുകൾ എഴുതാനും വായിക്കാനും അവസരമൊരുക്കുന്നു.

## 8. കുഞ്ഞുവായന മുന്നോക്കക്കാർക്ക്

കുട്ടിക്കവിതകൾ,ബാലമാസികകൾ,നാടകങ്ങൾ,യാത്രാക്കുറിപ്പുകൾ,ആത്മകഥാകുറിപ്പുകൾ തുടങ്ങിയവ വായിക്കാനും ലഘുവായനക്കുറിപ്പുകൾ എഴുതാനും അവസരം ഒരുക്കുന്നു.വായനാമത്സരം സംഘടിപ്പിക്കുന്നു.അക്ഷരസ്ഫുടതയും ശബ്ദക്രമീകരണവും ഉൾക്കൊണ്ടുകൊണ്ടുള്ള വായനയും വിലയിരുത്തുന്നു.സമ്മാനങ്ങൾ നൽകുന്നു.അസംബ്ലിയിൽ പത്ര വായന,'ഇന്നത്തെ ചിന്താവിഷയം' അവതരണം,മഹാന്മാരെ പരിചയപ്പെടാം(ആഴ്ചയിൽ ഒന്ന്) തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അവസരം ലഭ്യമാക്കുന്നു.ക്വിസ് മത്സരം,മലയാളം തിയേറ്റർ ഇവ സംഘടിപ്പിക്കുന്നു.

## 9. കുഞ്ഞെഴുത്ത്.

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ പദങ്ങൾ,വാക്യങ്ങൾ,കഥാഭാഗങ്ങൾ തുടങ്ങി പരിചിതമായത് ചിഹ്നങ്ങൾ ചേർക്കാതെ നൽകുന്നു.ആഭരണമണിയിക്കാൻ പറയുന്നു.ചിഹ്നങ്ങൾ ചേർത്ത് എഴുതി അവതരിപ്പിക്കാൻ അവസരം നൽകുന്നു.കവിതാപൂരണങ്ങൾ,വർക്ഷീറ്റ്,സംഭാഷണ കവിതകൾ,പോസ്റ്ററുകൾ,ചുമർപത്രികകൾ പതിപ്പുകൾ സംഭാഷണങ്ങൾ തുടങ്ങിയവയെല്ലാം ഈ പ്രവർത്തനത്തിന് ഉപയോഗിക്കാവുന്നതാണ്.രചനാശില്പശാലകൾ സംഘടിപ്പിക്കുന്നു.

10. അമ്മ വായന.

ഓരോ കുട്ടിക്കും അമ്മയ്ക്കും ഒരു പുസ്തകം നൽകുന്നു.വായിച്ചശേഷം അയൽവീട്ടിലെ അമ്മമാർക്ക് പുസ്തകം കൈമാറുന്നു.വായിച്ച പുസ്തകത്തിന്റെ രത്നച്ചുരുക്കംMPTA യിൽ അവതരിപ്പിക്കുന്നു.ക്ലാസ് ലൈബ്രറി ചുമതല കുട്ടികൾക്ക്.കുട്ടികൾ തന്നെ പുസ്തക വിതരണം,രജിസ്റ്ററിൽ രേഖപ്പെടുത്തൽ എന്നീ ചുമതലകൾ നിർവഹിക്കുന്നു.സമീപത്തെ ലൈബ്രേറിയനെ കണ്ട് ഗ്രന്ഥശാലയുടെ പ്രവർത്തനം മനസിലാക്കുന്നു.വായനാവാരത്തിൽ പ്രാദേശികമായി ലഭിക്കുന്ന വായനക്കാരെ വിളിച്ചു വരുത്തി അനുഭവങ്ങൾ പങ്കുവെയ്ക്കൽ.

11. വാർത്താ ബോർഡ്.

മൂന്ന് നാല് ക്ലാസിലെ കുട്ടികൾ മുൻകൈ എടുത്താണ് ഈ പ്രവർത്തനം നടത്തുന്നത്.ഓരോ ദിവസവും പത്രത്തിലെ പ്രധാന വാർത്തകൾ വാർത്താബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നു.മറ്റുള്ളവർക്ക് വായിക്കാനും നോട്ടുബുക്കിൽ എഴുതാനും അവസരം നൽകുന്നു.ഒരാഴ്ചയിലെ വാർത്തകളിൽ നിന്ന് പ്രധാനപ്പെട്ടവ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുന്നു.

# ഉപസംഹാരം

കുട്ടിയുടെ പഠനപുരോഗതിക്ക് വിദ്യാലയവും അധ്യാപകരും മാത്രമല്ല തത്തുല്യമായ പ്രാധാന്യം രക്ഷിതാക്കൾക്കും ഗാർഹികാന്തരീക്ഷത്തിനും ഉണ്ട് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവന്നിരിക്കുന്ന മികവുറ്റ സമീപന ഫലമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

അക്കാദമികം,ഭൗതികം,സാമൂഹികം എന്നീ മേഖലകളിലായി ഹ്രസ്വകാല-മധ്യകാല-ദീർഘകാല പ്രവർത്തനങ്ങൾ മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.വിദ്യാർത്ഥി ഒരു കേൾവിക്കാരനായിരിക്കുന്ന അവസ്ഥയിൽനിന്ന് നാം എന്നോ മാറിക്കഴിഞ്ഞിരിക്കുന്നു.ക്ലാസ് മുറിയിൽ അധ്യാപകരും കുട്ടികളും വസ്തുക്കളുപയോഗിച്ചുള്ള പ്രവർത്തനങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും അറിവ് സ്വയം നിർമിക്കുമ്പോൾ വിദ്യാലയത്തിലെ അവസ്ഥാ വിശേഷങ്ങൾ സമൂഹം അറിയേണ്ടതുണ്ട്.

പ്രാദേശികമായ വിഭവങ്ങളെ വളരുന്ന തലമുറയ്ക്ക് വേണ്ടി അത് പകർന്ന് നൽകാനും അത് പകർന്ന് കിട്ടുമ്പോൾ പ്രയോജനപ്പെടുത്താനുമുള്ള സന്നദ്ധത സമൂഹത്തിനും വിദ്യാലയത്തിനും ഉണ്ടാകണം.പരസ്പരബന്ധിതമായ ഒരു സമൂഹ വിദ്യാലയ ചട്ടക്കൂട് വളർത്തുന്നതിന് ഇത് സഹായിക്കുന്നു.